


# പാവകളി നിർദ്ദേശങ്ങൾ


എല്ലാ ദിവസവും കൃഷിതോട്ട അവധിക്കാല ബൈബിൾ സ്കൂളിൽ കുതിരയും കോഴിയും കൊണ്ടുള്ള ഒരു പാവകളിയുണ്ട്. ഈ രണ്ടു പാവകൾ നിങ്ങളുടെ പരിപാടിയിൽ പങ്കെടുക്കുകയും ഭാഗവാക്കാകുകയും ചെയ്യും. അവസാനമായി , ർവിദ്യാർത്ഥികൾ പഠിച്ച പാഠങ്ങൾ, ൾഇന്ന് പഠിച്ച പാഠത്തിന്റെ അവലോകനത്തിനു പ്രയോജനപ്രദമാകുന്ന രീതിയിൽ പാവകളി, പരിപാടിയുടെ അവസാനഭാഗത്ത് നടക്കും. ഈ 2 പാവകൾ : കുതിരയും കോഴിയും ഉണ്ടാക്കാൻ ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും നിങ്ങൾക്ക് നൽകുവാൻ ഞങ്ങൾ ആവേശഭരിതരാണ്. അത് കൂടുതൽ രസകരമാകുകയും, പാഠങ്ങൾ പുനരവലോകനം ചെയ്യുവാൻ അവരെ സഹായിക്കുകയും, അതിനോടൊപ്പം വീട്ടിൽ ചെന്ന് അവർ പഠിച്ചതെന്തെന്നു മാതാപിതാക്കളോട് പറയുവാൻ ഒരുക്കമുള്ളവരാകുകയും ചെയ്യും.


1. നിങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ ശേഖരിക്കുക.
   - കത്രിക
   - പെൻസിൽ (തുണിയിലേക്ക് മാതൃകകൾ പതിപ്പിക്കുവാൻ)
   - പശ (തുണിയിൽവേഗത്തിൽ ഒട്ടുന്നത്: സിലിക്കൺ അല്ലെങ്കിൽ ഹോട്ട് ഗ്ലൂ )
   - സ്റ്റഫ് ചെയ്യുന്നത് അല്ലെങ്കിൽ നിറയ്ക്കുന്നത്
   - കാർഡ്ബോർഡ് (ഓപ്ഷണൽ)
   - സൂചിയും നൂലും
   - വയർ/കമ്പി : 1 ½ മീറ്റർ






2. അഞ്ച് പി.ഡി.എഫ് പാറ്റേണുകൾ ഡൗൺലോഡ് ചെയ്യുക. 11x17 പേപ്പർ അല്ലെങ്കിൽ A5 പേപ്പർ 8.5 x 11 പേപ്പറോ A4 പേപ്പറോ ചെറുതോ ഉപയോഗിച്ച് പ്രിന്റ് ചെയ്യുക.
   - കുതിരത്തലയുടെ മാതൃക
   - കുതിരയുടെ അധികമായുള്ള മാതൃക
   - കോഴിത്തലയുടെ മാതൃക
   - കോഴിയുടെ അധികമായുള്ള മാതൃക
   - കോഴിയുടെ ചിറകിന്റെ മാതൃക


3. കുതിരയ്ക്കും കോഴിക്കും വേണ്ടിയുള്ള തുണി വാങ്ങുക. ഞങ്ങൾ കമ്പിളിത്തുണി ശുപാർശചെയ്യുന്നു. കാരണം അത് ഉറപ്പുള്ളതും എളുപ്പം കീറാത്തതുമാണ്. എന്നിരുന്നാലും,നിങ്ങളുടെ മേഖലയിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുന്ന ഏതൊരു ചെലവ് കുറഞ്ഞ തുണിയും ഉപയോഗിക്കാം. പരുക്കനായതും ഉറപ്പുള്ളതുമായ ഒരു തുണിയാണ് ഞങ്ങൾ നിർദ്ദേശിക്കുന്നത്.

   ആവശ്യമുള്ള തുണിയുടെ ഒരു അളവാണ് താഴെ തന്നിരിക്കുന്നത്, നിങ്ങൾ തുണി വാങ്ങുമ്പോൾ, നിങ്ങൾക്ക് ആവശ്യമുള്ളത് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാതൃക കൊണ്ടുവരുക.

- ബ്രൌൺ(thavitt niram): 1/2 മീറ്റർ
- ചുവപ്പ്: 1/8 മീറ്റർ
- ഓറഞ്ച്: 1/2 മീറ്റർ
- വെള്ള: 1 മീറ്റർ

## കുതിരപ്പാവയുടെ നിർദ്ദേശങ്ങൾ

1. കുതിരയുടെ ശരീരത്തിന്റെയും വായുടേയും അളവിനുള്ള തുണി മുറിക്കുക.
    - തവിട്ടു നിറത്തിലുള്ള തുണിയിൽ കുതിരയുടെ ശരീരത്തിന്റെ രണ്ട് കഷ്ണങ്ങൾ മുറിക്കുക



* മാതൃക താഴെയായി 3 സെന്റിമീറ്റർ വീതം കൂടി


ചേർക്കുവാർ ഓർക്കുക



- 1 വായ് ചുവന്ന തുണിയിൽ മുറിക്കുക

2. പ്രധാന കഷണങ്ങൾ ഒന്നിച്ച് വച്ച് തുന്നുക.
    - ബ്രൌൺ നൂൽ ഉപയോഗിച്ച് കുതിരയുടെ രണ്ടു ശരീരഭാഗങ്ങളും ഒന്നിച്ച് ചേർത്ത് തൈക്കുക. (വായും കഴുത്തിന്റെ താഴെ വശത്ത് കൈയുടെ ഭാഗത്ത് ചേർത്ത് തുന്നരുത്.
    - ചുവന്ന വായ ബ്രൗൺ കുതിരയുടെ വായോട് ചേർത്ത് തുന്നുക (ദൃശ്യ സഹായത്തിനായി വീഡിയോ കാണുക) ശരിയായ രീതിയിൽ അഗ്രങ്ങൾ വരത്തക്കവണ്ണം ത്രികോണത്തിലുള്ള മുനകൾ ഉപയോഗിക്കുക






3. തുന്നൽ അകത്ത് വരത്തക്കവിധം, തുന്നിയ കുതിരയുടെ വലത് വശം വെളിയിൽ ആകത്തക്കവണ്ണം തിരിക്കുക.
4. ചെവി, മുടി, മൂക്ക് എന്നിവയുടെ സ്റ്റൈലുകൾ തിരഞ്ഞെടുക്കുക. അതിന്റെ പാറ്റേൺ ഉപയോഗിച്ച് കഷണങ്ങൾ മുറിക്കുകയോ സ്വന്തമായി സൃഷ്ടിക്കുകയോ ചെയ്യുക.
5. മുടി, മൂക്ക് എന്നിവ ചെവിയോടു ചേർത്ത് ഒട്ടിക്കുക, കഷണങ്ങൾ തമ്മിൽ ബന്ധിപ്പിക്കുവാൻ തുന്നുന്നതിനേക്കാൾ ഞങ്ങൾ ഹോട്ട് ഗ്ലൂ ആണ് ഉപയോഗിച്ചിരിക്കുന്നത്.
6. ഓറഞ്ച് നിറമുള്ള മുടിയിൽ പശ ഒട്ടിക്കുക/, പിന്നെ മുടി ചെറിയ സ്ട്രിപ്പുകൾ ആയി മുറിക്കുക. ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ പുറത്തേക്ക് തള്ളി നിൽക്കുന്ന കണ്ണുകൾ പശ വെച്ച് ഒട്ടിക്കുക അല്ലെങ്കിൽ പ്ലാസ്റ്റിക് സ്പൂണുകളും ഉപയോഗിക്കുക. ഞങ്ങൾ കണ്ണിനുവേണ്ടി വെളുത്ത ഡിസ്പോസിബിൾ സ്പൂണുകളാണ് ഉപയോഗിച്ചത് (പിടിയില്ലാത്തത്). കൃഷ്ണമണി ക്കുവേണ്ടി കറുത്ത കമ്പിളി തുണിയും ഉപയോഗിക്കുക.



7. ബ്രൗൺ തുണികൊണ്ട് ചെവി മുറിക്കുക, പിന്നെ ആവശ്യമെങ്കിൽ ചെറിയ ചെവി കഷണം ഓറഞ്ച് നിറത്തിൽ മുറിക്കുക. ചെവി താഴ്‌വശത്ത് ഒരുമിച്ച് ചേർത്ത് തലയോട് ചേർത്ത് ഒട്ടിക്കുക.

8. മൂക്ക് കഷണങ്ങൾ മുറിച്ചെടുത്ത് പാവയുടെ മുൻഭാഗത്ത് ഒട്ടിക്കുക.


9. തലയിണ സ്റ്റഫിംഗ് ഉപയോഗിച്ച് തല സ്റ്റഫ് ചെയ്യുക. അകത്ത് നിങ്ങളുടെ കൈ കടത്താവുന്ന സ്ഥലത്ത് മൂക്കിന്റെ മുൻവശത്ത് അത് വയ്ക്കുക. വായിക്ക് കട്ടി കൂട്ടേണ്ടത് ആവശ്യമാണെങ്കിൽ കുറച്ച് കാർഡ്ബോർഡുകൾ അകത്ത് ഒട്ടിച്ച് ചേർക്കാവുന്നതാണ്.

ഇപ്പോൾ നിങ്ങൾക്ക് ഒരു കുതിരപ്പാവ ഉണ്ട്!

## കോഴി പാവ സംബന്ധിച്ച നിർദ്ദേശങ്ങൾ

1. കോഴിയുടെ ശരീരവും വായും തുണിയിൽ മുറിക്കുക.





- വെള്ളത്തുണിയിൽ കോഴിയുടെ ശരീരം 2ഭാഗങ്ങളായി മുറിക്കുക

* മാതൃകയുടെ താഴെയായി 10 സെന്റീമീറ്റർ യോജിപ്പിക്കുവാൻ ഓർക്കുക. *



- ബ്രൌൺ നിറത്തിലുള്ള തുണികൊണ്ട് ഒരു വായ് മുറിക്കുക.

2. വെളുത്ത നൂൽ ഉപയോഗിച്ച് ശരീരങ്ങൾ തുന്നി ചേർക്കുക.



3. 2 ഓറഞ്ചു നിറമുള്ള വായുടെ ഭാഗങ്ങൾ വെള്ള നിറമുള്ള ശരീരത്തിലേക്ക് വെച്ച് തുന്നുക.

4. ഓറഞ്ചു നിറമുള്ള ചുണ്ടിനകത്തേക്ക് ബ്രൌൺ നിറമുള്ള വായ് തുന്നിച്ചേർക്കുക. തുന്നുന്നത് തീരുമ്പോൾ പാവയെ വലത് വശത്ത് പുറത്തേക്ക് തിരിക്കുക.




5. കാലിന്റെയും കണ്ണിന്റെയും കോഴിപ്പൂവിന്റെയും രൂപഭംഗി തിരഞ്ഞെടുക്കുക. നിങ്ങളുടെ സ്വന്തമായ രീതിയിലോ മാതൃക അനുസരിച്ചോ കഷണങ്ങൾ മുറിക്കുക.






6. കാലും കണ്ണുകളും കൊഴിപ്പാവിന്റെമേൽ ഒട്ടിച്ചു വയ്ക്കുക. കഷണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുവാൻ തുന്നുന്നതിനേക്കാൾ എളുപ്പമായതിനാൽ ഞങ്ങൾ ഹോട്ട് ഗ്ലൂ ഉപയോഗിക്കുന്നു.



7. ആവശ്യമെങ്കിൽ തല എന്തെങ്കിലും വസ്തുക്കൾ കൊണ്ട് നിറയ്ക്കുക.

8. പാവയുടെ വശങ്ങളിൽ ചിറകുകൾ തുന്നുകയോ ഒട്ടിക്കുകയോ ചെയ്യുക.




9. സമചതുരത്തിൽ ഉള്ള ഒരു വെളുത്ത തുണി കമ്പിയുടെ മുകളിൽ ഒട്ടിക്കുന്നതിനു ഉപയോഗിക്കുക. തുണികൾ തമ്മിൽ കമ്പിയുമായി ബന്ധപ്പെട്ടു നില്ക്കുവാൻ സിലിക്കോൺ ഗ്ലൂവോ ഹോട്ട് ഗ്ലൂവോ ഉപയോഗിച്ചാൽ അവ നന്നായിരിക്കുന്നതിനു പ്രയോജനപ്പെടും.

നിങ്ങൾക്ക് ഒരു കോഴിപ്പാവ ഉണ്ട്!